പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ .T. 310

25.06.2012-ൽ മറുപടിക്ക്

## കടലാക്രമണം

ചോദ്യം | മറുപടി

| | | | |
|---|---|---|---|
| | ശ്രീ. എസ്. ശർമ്മ<br>,, സി. കെ. സദാശിവൻ<br>,, പി. ശ്രീരാമകൃഷ്ണൻ<br>,, കെ. വി. അബ്ദുൾ ഖാദർ | | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) | തീരദേശമേഖലയിലാകെ കടലാക്രമണം രൂക്ഷമായിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ മത്സ്യത്തൊഴിലാളികളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകാൻ എന്തൊക്കെ മുൻകരുതൽ നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കടലാക്രമണ ഭീഷണി നേരിടുന്ന മത്സ്യത്തൊഴിലാളി കുടുംബങ്ങളെ സുരക്ഷിത സ്ഥലങ്ങളിലേക്ക് മാറ്റിപ്പാർപ്പിക്കുന്നതിന് റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട് നടപടി സ്വീകരിച്ചിട്ടുണ്ട്. മത്സ്യബന്ധനത്തിന് പോകുന്ന മത്സ്യത്തൊഴിലാളികളുടെ സുരക്ഷ ഉറപ്പാക്കുന്നതിനായി കടൽരക്ഷാ പ്രവർത്തനം, കടൽ പട്രോളിംഗ് എന്നിവ ഏകീകരിക്കുന്നതിനും, കാലാവസ്ഥാമുന്നറിയിപ്പുകൾ മത്സ്യത്തൊഴിലാളികളെ യഥാസമയം അറിയിക്കുന്നതിനുമായി ഫിഷറീസ് സ്റ്റേഷനുകളും ജില്ലാ ആഫീസുകളും കേന്ദ്രീകരിച്ച് 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂമുകൾ പ്രവർത്തിക്കുന്നു. രക്ഷാ പ്രവർത്തനങ്ങൾക്കായി ഫിഷറീസ് വകുപ്പിൽ പോലീസ് സൂപ്രണ്ടിന്റെ കീഴിൽ 60 പോലീസ് ഉദ്യോഗസ്ഥർ ഉൾപ്പെട്ട മറൈൻ എൻഫോഴ്സ്മെന്റിന്റെ യൂണിറ്റ് 5 ഫിഷറീസ് സ്റ്റേഷനുകളിലായി പ്രവർത്തിച്ചു വരുന്നു. സംസ്ഥാനത്ത് 5 ഫിഷറീസ് സ്റ്റേഷനുകളിലും കൂടി 5 വാടക ബോട്ടുകളും 3 ഡിപ്പാർട്ടുമെന്റ് വക ബോട്ടുകളും രക്ഷാ പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കുന്നു. ബോട്ടും സ്റ്റേഷനുമായി ബന്ധിപ്പിക്കുന്ന വൺ.ടു.വൺ വയർലെസ് കമ്മ്യൂണിക്കേഷനും വാർത്താവിനിമയത്തിനു വേണ്ടി ഓഫീസർമാർക്ക് മൊബൈൽ കണക്ഷനും നൽകിയിട്ടുണ്ട്. ഗോവയിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വാട്ടർ സ്പോർട്ട്സിൽ പരിശീലനം നൽകിയ 50 മത്സ്യത്തൊഴിലാളി യുവാക്കളെ ദിവസ വേതനാടിസ്ഥാനത്തിൽ റസ്ക്യൂ ഗാർഡായി 5 ഫിഷറീസ് സ്റ്റേഷനുകളിൽ നിയമിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | വീട്ടും മത്സ്യബന്ധനോപകരണങ്ങളും മറ്റ് സ്വത്തുക്കളും നഷ്ടപ്പെട്ടവരെ പുനരധിവസിപ്പിക്കാനും അവർക്ക് നഷ്ടപരിഹാരം നൽകാനും എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കുമോ? | (ബി) | കടലാക്രമണത്തിൽ വീട് നഷ്ടപ്പെടുന്ന മത്സ്യത്തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിന് ഫിഷറീസ് വകുപ്പിന് പദ്ധതികളൊന്നും നിലവിലില്ല. എന്നാൽ കടൽ ക്ഷോഭം മൂലം ദുരിതമനുഭവിക്കുന്ന മത്സ്യത്തൊഴിലാളികൾക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ദുരിതാശ്വാസം നൽകുന്നതിന് **04.08.11** ലെ ജി.ഒ.(എം.എസ്) **295/11**/റവ. പ്രകാരം ഉത്തരവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ